# സുന്നത്ത് നബി(ﷺ)യുടെ മരണശേഷം

പ്രവാചകനെ അനുസരിക്കണമെന്ന ഖുർആനിലെ കൽപ്പനകൾക്ക് കാലനിർണ്ണയമില്ല. മനുഷ്യ സമൂഹത്തിന്റെ സമ്പൂർണ്ണ ജീവിതദർശനമായി അല്ലാഹു അവതരിപ്പിച്ച ഖുർആൻ ജീവിതവത്കരിച്ചു കാണിച്ചുകൊടുത്ത റസൂലിന്റെ ആ സുന്നത്തും കാലദേശ പരിതസ്ഥിതിക്കതീതമായ ഒരു ജീവിത മാതൃകയാണെന്ന് സൂക്ഷ്മ നിരീക്ഷകർക്ക് ബോധ്യപ്പെടും. പിതാവ്, പുത്രൻ, ഭർത്താവ്, പ്രബോധകൻ, പടയാളി, വ്യാപാരി, തൊഴിലാളി, തൊഴിലുടമ, യജമാനൻ, സ്നേഹിതൻ, സമൂഹനായകൻ... എന്നിങ്ങനെ ജീവിതത്തിന്റെ മുഴുവൻ മേഖലകളിലും അദ്ദേഹം മാതൃകകൾ സൃഷ്ടിച്ചത് മനുഷ്യകുലത്തിന് എക്കാലത്തും മാതൃകയായിരിക്കണമെന്ന അല്ലാഹുവിങ്കൽ നിന്നുള്ള നിശ്ചയപ്രകാരം തന്നെയാണ്. അദ്ദേഹം ജീവിച്ചിരുന്നപ്പോൾ സ്വഹാബികൾ ആ ജീവിതശൈലി നേരിൽ കണ്ടു, കേട്ടു, അനുസരിച്ചു. അദ്ദേഹത്തിന്റെ മരണശേഷം അവിടുത്തെ ചര്യ തലമുറകൾ കൈമാറി. ആ ചര്യയിൽ നിന്നൊട്ടും വ്യതിചലിക്കാതിരിക്കാൻ പ്രവാചകന്റെ ജീവിത കാലത്തെന്നപോലെ മരണശേഷവും സ്വഹാബികൾ ശ്രദ്ധിച്ചു.

പ്രവാചകന്റെ മരണശേഷവും തന്റെ ചര്യ പിന്തുടരാൻ വിശ്വാസികൾ ബാധ്യസ്ഥരാണെന്ന് നബി ﷺ തന്നെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ‘നിങ്ങൾക്കു ഞാൻ രണ്ടു കാര്യം വിട്ടേച്ചു പോകുന്നു. അവ മുറുകെ പിടിക്കുന്നിടത്തോളം കാലം നിങ്ങളൊരിക്കലും വഴി തെറ്റുകയില്ല. അല്ലാഹുവിന്റെ ഗ്രന്ഥവും എന്റെ ചര്യയുമാണത്.’ (ഹാക്കിം)

‘എന്റെ സമുദായം മുഴുവനും സ്വർഗത്തിൽ കടക്കും; വിസമ്മതിച്ചവരൊഴികെ.’ ഇതുകേട്ടവർ ചോദിച്ചു: ‘ആരാണ് റസൂലേ, വിസമ്മതിച്ചവർ ?’ അദ്ദേഹം പറഞ്ഞു: ‘എന്നെ അനുസരിച്ചവർ സ്വർഗ്ഗത്തിൽ കടക്കും. എന്നോട് അനുസരണക്കേട് കാണിച്ചവർ വിസമ്മതിച്ചവരത്രെ.’ (ബുഖാരി)

നബി ﷺ യുടെ ഹജ്ജ് വേളയിൽ നടത്തിയ വിടവാങ്ങൽ പ്രസംഗത്തിൽ (ഖുത്ബതുൽ വിദാഅ്) ഇങ്ങനെ പറഞ്ഞതായി ഹാക്കിം ഇബ്നു അബ്ബാസിൽ നിന്നുദ്ധരിക്കുന്നു: ‘നിങ്ങളുടെ നാട്ടിൽ ചെകുത്താൻ ആരാധിക്കപ്പെടുന്ന കാര്യത്തിൽ അവൻ നിരാശപ്പെടുക തന്നെ ചെയ്തിരിക്കുന്നു. എന്നാൽ അതല്ലാത്ത, നിങ്ങൾ നിസ്സാരമാണെന്ന് കരുതുന്ന നിങ്ങളുടെ കർമ്മങ്ങൾ കൊണ്ട് അവൻ സംതൃപ്തനാകുന്നതാണ്. അതുകൊണ്ട് ജാഗ്രത പുലർത്തുക. നിങ്ങൾ മുറുകെ പിടിച്ചാൽ പിഴച്ചുപോകാതിരിക്കാൻ പര്യാപ്തമായത് ഞാൻ നിങ്ങളിൽ ബാക്കിവെച്ചിട്ടുണ്ട്. അല്ലാഹുവിന്റെ ഗ്രന്ഥവും നബിയുടെ ചര്യയുമാണത്.’

‘നബി ﷺ ഞങ്ങളോട് സാരസമ്പൂർണ്ണമായ ഒരുപദേശം നൽകി. അതുകേട്ട് ഞങ്ങളുടെ ഹൃദയം വിറച്ചു. കണ്ണുകളൊഴുകി. ഞങ്ങൾ ചോദിച്ചു: ‘അങ്ങ് യാത്ര ചോദിക്കുന്ന പോലെ തോന്നുന്നുവല്ലോ. അതിനാൽ ഞങ്ങളോട് വസ്വിയ്യത്ത് ചെയ്താലും.’

നബിﷺ പറഞ്ഞു: 'ഞാൻ വസിയ്യത്ത് ചെയ്യുകയാണ്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കണമെന്നും, നിങ്ങളുടെ നേതാവ് ഒരു എത്യോപ്യൻ അടിമയാണെങ്കിൽ പോലും നിങ്ങൾ അയാളെ കേട്ടനുസരിക്കണമെന്നും. നിങ്ങളിൽ ആയുസ്സുള്ളവർ ധാരാളം അഭിപ്രായവ്യത്യാസങ്ങൾ കാണാനിടയാകും. അപ്പോൾ എന്റെ ചര്യയും സൻമാർഗികളും സച്ചരിതരുമായ പിൻഗാമികളുടെ (സലഫുകളുടെ) ചര്യയും നിങ്ങളവലംബിക്കണം. അണപ്പല്ലുകൊണ്ട് അവയിൻമേൽ കടിച്ചു പിടിക്കുക. പുതുതായി വരുന്ന കാര്യങ്ങൾ (ബിദ്അത്തുകൾ) നിങ്ങൾ കരുതിയിരിക്കണം. കാരണം ബിദ്അത്തുകളെല്ലാം വഴികേടാണ്.' (തിർമുദി)

മേലുദ്ധരിച്ചതും മറ്റുമായ ഒട്ടേറെ തിരുമൊഴികൾ ഉൾക്കൊണ്ട സ്വഹാബികൾ നബിചര്യ അവലംബിക്കുന്ന കാര്യത്തിലും അത് പിൻതലമുറക്ക് കൈമാറുന്ന കാര്യത്തിലും നിഷ്കർഷ പുലർത്തി. പ്രവാചകൻ അതിന്നവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

'എന്റെ വാക്കുകൾ കേട്ടിട്ട് കേട്ടപോലെ മറ്റുള്ളവർക്കെത്തിച്ചു കൊടുത്തവരെ അല്ലാഹു അനുഗ്രഹിക്കട്ടെ. നേരിൽ കേട്ടവരേക്കാൾ അവരിൽ നിന്ന് അറിഞ്ഞ എത്രയോ പേർ കൂടുതൽ കാര്യം ഗ്രഹിക്കുന്നവരായേക്കാമല്ലോ.' (തിർമുദി)

അവലംബം :
**സ്വഹീഹ് മുസ്‌ലിം സമ്പൂർണ്ണ മലയാള പരിഭാഷ**
(മൂന്ന് വാല്യങ്ങൾ)

പ്രസാധനം:
**ഇൻസാഫ് പബ്ലിഷേഴ്സ്**

